LIBRARY ARCHIVES Kerala Legislative Assembly

ഗുരുവായൂർ ക്ഷേത്രത്തിനുള്ളിൽ പുതിയ കൗണ്ടർ തുറക്കാൻ നടപടി

71 [386] ശ്രീ. കെ. സി. ജോസഫ്:

„ കെ. അച്ചുതൻ:

„ കെ. സി. വേണുഗോപാൽ:

„ പ്രയാർ ഗോപാലകൃഷ്ണൻ:

„ എഴുകോൺ നാരായണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂരപ്പന് തുലാഭാരം നേർച്ചയുമായി വരുന്നവരിൽനിന്നും പണം സ്വീകരിക്കുന്നതിന് എത്ര കൗണ്ടറുകൾ തുറന്നിട്ടുണ്ട്;

(ബി) ഏതെല്ലാം വിധത്തിലുള്ള തുലാഭാരം ആണ് അവിടെ നടത്തുന്നത്;

(സി) നാലമ്പലത്തിനുള്ളിൽ മറ്റൊരു തുലാഭാര കൗണ്ടർ തുറക്കാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) രണ്ട് കൗണ്ടറുകൾ.

(ബി) ധാന്യം, ഫലവർഗ്ഗങ്ങൾ, പച്ചക്കറികൾ, നെയ്യ്, വെണ്ണ, ശർക്കര, പഞ്ചസാര, താമരപ്പൂവ്, ഇരുമ്പ്, കുന്നിക്കുരു തുടങ്ങി വിവിധങ്ങളായ അമ്പതിൽപ്പരം സാധനങ്ങൾകൊണ്ട് തുലാഭാരം നടത്താറുണ്ട്.

(സി) നാലമ്പലത്തിനുള്ളിൽ മറ്റൊരു തുലാഭാര കൗണ്ടർ തുറക്കാൻ നിലവിലുള്ള ക്ഷേത്രാചാരങ്ങൾ അനുവദിക്കുന്നില്ല.

പെരുമ്പാവൂരിലെ ഇരിങ്ങോൾ ദേവീക്ഷേത്രത്തിന്റെ പുനരുദ്ധാരണം

72 [387] ശ്രീ. സാജു പോൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂരിലെ പ്രശസ്തമായ ഇരിങ്ങോൾ ദേവീക്ഷേത്രം ഭാഗികമായി തകർന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ക്ഷേത്രത്തിന്റെ അറ്റകുറ്റപണികൾ അടിയന്തിരമായി നടത്തുന്നതിനും മേച്ചിൽ ചെമ്പുതകിട് പൊതിഞ്ഞു സുരക്ഷിതമാക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) ഇരിങ്ങോൾ ദേവീക്ഷേത്രം ശബരിമലയുടെ ഇടത്താവളമായി പ്രഖ്യാപിക്കാനും, പെരുമ്പാവൂർ നഗരത്തിൽ വനമദ്ധ്യത്തിലുള്ള ക്ഷേത്രം പുനരുദ്ധരിച്ച് ഭക്തജനങ്ങൾക്ക് കൂടുതൽ സൗകര്യങ്ങൾ ലഭ്യമാക്കുവാനും എന്തെങ്കിലും നിർദ്ദേശങ്ങൾ സർക്കാർ പരിഗണനയിലുണ്ടോ; എങ്കിൽ വിശദവിവരം അറിയിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇക്കാര്യം തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പരിഗണന യിലുണ്ട്.

(സി) ഇരിങ്ങോൾ ദേവീക്ഷേത്രം ശബരിമലയിലേക്കുള്ള വഴിമദ്ധ്യേ അല്ലാത്തതിനാൽ ഇടത്താവളമാക്കുന്ന കാര്യം പരിഗണനയിലില്ല എന്ന് ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

തരിശുഭൂമിയായ നെൽപ്പാടങ്ങൾ

73 [392] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽപ്പാടങ്ങളായിരുന്ന എത്ര ഹെക്ടർ സ്ഥലങ്ങളാണ് തരിശുഭൂമിയായി കിടക്കുന്നതെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇവയിൽ ജലസേചന സൗകര്യം ഉള്ളതും ഇല്ലാത്തതുമായി എത്ര ഹെക്ടർ സ്ഥലമാണ് 2003 വരെ തരിശിട്ടിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) തരിശുഭൂമി പാട്ടകൃഷിക്ക് നൽകുന്നതിനാവശ്യമായ നിയമനിർമ്മാണം നടപ്പാക്കാൻ ഈ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) സംസ്ഥാനത്ത് എത്ര ഹെക്ടർ സ്ഥലത്താണ് നെൽകൃഷി മാത്രമായി നടത്തുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. ബ്യൂറോ ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സിന്റെ 2001-02-ലെ കണക്കുപ്രകാരം സംസ്ഥാനത്ത് ആകെ 77853 ഹെക്ടർ നെൽപ്പാട ങ്ങളാണ് തരിശുഭൂമിയായി കിടക്കുന്നത്.

(ബി) വിവരം ശേഖരിച്ച് ലഭ്യമാക്കുന്നതാണ്.

(സി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ഡി) 2002-03-ലെ കണക്കുപ്രകാരം സംസ്ഥാനത്ത് 3.105 ലക്ഷം ഹെക്ടർ സ്ഥലത്താണ് നെൽകൃഷി മാത്രമായി നടത്തുന്നത്.

തൃശ്ശൂർ ജില്ലയിലെ നെല്ല് സംഭരണം

74 [393] ശ്രീ. ടി. വി. ചന്ദ്രമോഹൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ ഈ വർഷം നെല്ലു സംഭരണത്തിന് ഏതു ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly